പട്ടുനൂൽകൃഷി വ്യവസായവുമായി ബന്ധപ്പെട്ട പരിശീലനം

11. [2264] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടുനൂൽകൃഷി വ്യവസായവുമായി ബന്ധപ്പെട്ട് ഖാദി ബോർഡിൽ പരിശീലനം നൽകി വരുന്നുണ്ടോ ;

(ബി) പരിശീലനത്തിന് ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിന് നിലവിൽ സ്വീകരിക്കുന്ന മാനദണ്ഡമെന്ത് ;

(സി) എത്ര സീറ്റുകളാണ് ഈ ഇനത്തിൽ ഉള്ളത് ;

(ഡി) പരിശീലന കാലത്തെ ചെലവ് ആരാണ് വഹിക്കുന്നത് ;

(ഇ) പരിശീലനത്തിനുള്ള അപേക്ഷ പരസ്യപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(എഫ്) ഈ പരിശീലന കോഴ്സുമായി ബന്ധപ്പെട്ട് നടക്കുന്ന ക്രമക്കേടുകളെപ്പറ്റി അന്വേഷിച്ച് എല്ലാ വിഭാഗത്തിലുംപെട്ട ഉദ്യോഗാർത്ഥികൾക്ക് പരിശീലനത്തിനപേക്ഷിക്കാൻ അവസരമുണ്ടാക്കുമോ ?

ഉത്തരം

(എ) ബോർഡ് നേരിട്ട് പരിശീലനം നൽകുന്നില്ല. പരിശീലനത്തിനുള്ള ആളുകളെ ബോർഡ് തിരഞ്ഞെടുത്ത് അയയ്ക്കുന്നുണ്ട്.

(ബി) ബോർഡിന്റെ ഹെഡ് ഓഫീസിലും ജില്ലാ ഓഫീസുകളിലും പരസ്യപ്പെടുത്തി അപേക്ഷകൾ സ്വീകരിച്ചാണ് തെരഞ്ഞെടുക്കുന്നത്.

(സി) കേന്ദ്ര സിൽക്ക് ബോർഡ് കാലാകാലങ്ങളിൽ അനുവദിച്ചു നൽകുന്നതാണ്. സീറ്റുകൾ ഇതുവരെയായി പി. ജി. സി. എസ്. കോഴ്സിനു 4 പേരേയും, എസ്.ഐ.സി. കോഴ്സിന് 13 പേരെയും, പി. സി. ഐ. കോഴ്സിന് 8 പേരേയും ഫീൽഡ് അസിസ്റ്റൻറ് കോഴ്സിനു 19 പേരേയും തെരഞ്ഞെടുത്തിട്ടുണ്ട്.

(ഡി) പരിശീലന കാലത്തേക്ക് ഖാദി ബോർഡ് സ്റ്റൈപ്പെൻറ് നൽകി വരുന്നുണ്ട്.

(ഇ) ഉണ്ട്. ബോർഡിന്റെ ഹെഡ് ഓഫീസിലും ജില്ലാ ഓഫീസുകളിലും പരസ്യപ്പെടുത്തി അപേക്ഷകൾ സ്വീകരിച്ചാണ് തെരഞ്ഞെടുക്കുന്നത്.

(എഫ്) എല്ലാ വിഭാഗത്തിലും പെട്ടവർക്ക് പരിശീലനത്തിനുള്ള അവസരം നൽകുന്ന സംവിധാനമാണ് നിലവിലുള്ളത്. പരിശീലന കോഴ്സിൽ അഴിമതി നടക്കുന്നതായി അറിവില്ല.

സെറികൾച്ചറിനുവേണ്ടി ചെലവഴിച്ച തുക

12. [2265] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം സെറികൾച്ചറിനുവേണ്ടി എന്തു തുക മുടക്കിയെന്നു വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly